(ബി) വിദൂര ജില്ലകളിൽനിന്നും വരുന്ന ആളുകൾക്ക് റിസപ്ഷൻ ആഫീസിന് മുന്നിൽ ഇരിപ്പിടം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചിരിക്കുന്ന സമയത്ത് പല മന്ത്രിമാരും, വകുപ്പു സെക്രട്ടറിമാരും മീറ്റിംഗുകൾ നടത്തി പൊതുജനങ്ങളെ കാണാതിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് ഒഴിവാക്കുന്നതിന് ഈ സമയത്ത് പരമാവധി മീറ്റിംഗുകൾ ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ;

(ഇ) മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പുതലവൻമാരും പൊതുജനങ്ങളെ കാണുവാനുള്ള ദിവസവും, സമയവും നിജപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) & (ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് വേണ്ടി പ്രവേശിക്കുന്നതിന് ഉച്ചയ്ക്കുശേഷം 3 മണിമുതൽ വൈകുന്നേരം 5 മണിവരെ സമയം നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിത സമയത്ത് റിസപ്ഷൻ ഓഫീസുകളിൽനിന്നും പ്രവേശന പാസ് എടുത്ത് ബന്ധപ്പെട്ടവരെ സന്ദർശിക്കാവുന്നതാണ്. കൂടാതെ മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ഓഫീസുകളിൽ നിന്നും സ്പെഷ്യൽ പാസ്സുകൾ മുഖാന്തിരം നിശ്ചയിച്ചിട്ടുള്ള സമയത്തിനു മുൻപ് സന്ദർശകരെ സ്വീകരിക്കാറുണ്ട്. സ്ഥലലഭ്യത അനുസരിച്ച് റിസപ്ഷൻ ഓഫീസുകളുടെ മുന്നിൽ പൊതുജനങ്ങൾക്കുായി ഇരിപ്പിടം നൽകുന്നുണ്ട്.

(സി) & (ഡി) നിശ്ചിത സമയത്ത് മന്ത്രിമാരെയും സെക്രട്ടറിമാരെയും പൊതുജനങ്ങൾക്ക് കാണുന്നതിൽ തടസ്സമൊന്നുമില്ല. അടിയന്തിരമായി മീറ്റിംഗ് നടത്തേണ്ടിവരുന്ന സമയങ്ങളിൽ പൊതുജനങ്ങളെ സ്വീകരിക്കുവാൻ കഴിയാതെ വന്നിട്ടുണ്ടാകാം. അത് മനഃപൂർവ്വമായിട്ടല്ല.

(ഇ) മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പു തലവൻമാരും പൊതുജനങ്ങളെ കാണുന്നതിനുള്ള സമയം നിജപ്പെടുത്തിയിട്ടുണ്ട്.

ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ വ്യാപിപ്പിക്കാൻ നടപടി

9 [2439] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരം ജനസേവന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ സംസ്ഥാനത്തെ എല്ലാ പ്രധാന പട്ടണങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥലങ്ങൾ താഴെ പറയുന്നവയാണ്.

പാളയം (തിരുവനന്തപുരം), ആണ്ടമുക്കം (കൊല്ലം), കളക്ടറേറ്റ് (പത്തനംതിട്ട), കളക്ടറേറ്റ് (ആലപ്പുഴ), നാഗമ്പടം (കോട്ടയം), പൈനാവ് (ഇടുക്കി), കലൂർ (എറണാകുളം), ചെമ്പുക്കാവ് (തൃശ്ശൂർ), സിവിൽ സ്റ്റേഷൻ കോംപ്ലക്സ് (പാലക്കാട്), കോട്ടപ്പടി (മലപ്പുറം), റൗണ്ട് സർക്കിൾ (കോഴിക്കോട്), കൽപ്പറ്റ (വയനാട്), മുനിസിപ്പൽ ഓഫീസ് കോംപ്ലക്സ് (കണ്ണൂർ), മുനിസിപ്പൽ ബസ്സ്റ്റാന്റ് (കാസർഗോഡ്).

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

'തലസ്ഥാനത്ത് സി.ബി.ഐ. കോടതി'

10 [2440] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ സി.ബി.ഐ. കോടതി സ്ഥാപിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലസ്ഥാന നഗരിയിൽ സി.ബി.ഐ. കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനായുള്ള ശുപാർശകളൊന്നും ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly